# 6

# യേശുവിന്റെ സ്നാനം

## (3:13–17)

യേശുവിന്റെ സ്നാനം പലർക്കും മനസിലാക്കുവാൻ ബുദ്ധിമുട്ട് അനുഭ വപ്പെട്ടിട്ടുണ്ട്. യേശുവിന് പാപമോചനം ആവശ്യമില്ലായിരുന്നു. "സകല നീ തിയും നിറവേറുന്നതിന്" യേശു സ്നാനം ഏറ്റു എന്ന പ്രസ്താവന തിരുവെ ഴുത്തിലെ ശക്തമായ ഒന്നാണ്.

### ദൈവികതീരുമാനം (3:13, 14)

**13അനന്തരം യേശു യോഹന്നാനാൽ സ്നാനം ഏൽക്കുവാൻ ഗലീല യിൽനിന്നു യോർദ്ദാൻകരെ അവന്റെ അടുക്കൽ വന്നു. 14യോഹന്നാനോ അവനെ വിലക്കി; "നിന്നാൽ സ്നാനം ഏൽക്കുവാൻ എനിക്ക് ആവശ്യം; പി ന്നെ നീ എന്റെ അടുക്കൽ വരുന്നുവോ?" എന്നു പറഞ്ഞു.**

**വാക്യം 13.** അവൻ തന്റെ പരസ്യ ജീവിതത്തിലേക്കു പ്രവേശിക്കയാ യിരുന്നു. **യോഹന്നാൻ** സ്നാപകനെ സമീപിച്ചു സ്നാനം ആവശ്യപ്പെട്ടു കൊണ്ടാണ് **യേശു** തുടങ്ങിയത്. യോഹന്നാന്റെ ശുശ്രൂഷ ആരംഭിച്ചപ്പോൾ, "എത്തി" എന്ന ക്രിയക്ക് ഉപയോഗിച്ച വാക്ക് തന്നെയാണ് "വന്നു" എന്നു തർജിമ ചെയ്തതും (3:1). യേശു വന്നതിനെ കുറിച്ച് ഡൊണാൾഡ് ഏ. ഹാ ഗ്നെർ പറഞ്ഞു, "ഇപ്പോൾ സുവിശേഷത്തിലെ മുഖ്യ കഥാപാത്രം വേദിയിൽ പ്രവേശിക്കുന്നു."[1]

ശിശുവായ യേശുവിനെ മിസ്രയിമിലേക്ക് കൊണ്ടു പോയതിനും (2:23) അവന്റെ സ്നാനത്തിനുമിടക്കുള്ള കാര്യങ്ങൾ മത്തായിയുടെ വിവരണത്തിൽ പറയുന്നില്ല. ആ സമയത്ത് യേശുവിന് "ഏതാണ്ട് മുപ്പതു വയസായിരുന്നു" എന്നാണ് ലൂക്കൊ. 3:23 പറയുന്നത്. **അവനാൽ സ്നാനം ഏൽക്കുവാൻ** യേശു **ഗലീലിയിലെ** "നസറേത്തിൽ" നിന്നു (മർക്കൊ. 1:9) യോഹന്നാൻ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്ന **യോർദ്ദാൻ**കരെയുള്ള ബേഥാന്യയിലേക്കു വന്നു (യോഹ, 1:28).

**വാക്യം 14.** യേശു **യോഹന്നാന്റെ** അടുത്ത് എത്തിയപ്പോൾ, അവൻ മശിഹ ആണെന്നു പ്രവാചകൻ *വിചാരിച്ചു*. അവർ രണ്ടു പേരും തമ്മിൽ ആറു മാസത്തെ പ്രായവ്യത്യാസമുള്ള ബന്ധുക്കളായിരുന്നു (ലൂക്കൊ. 1:36). അവർ വളർന്നപ്പോൾ എത്രമാത്രം കണ്ടിരുന്നു എന്നു ഊഹിക്കുവാനേ കഴി യു. അവരുടെ ചെറുപ്രായത്തിൽ പെസഹാ പെരുന്നാൾ ആഘോഷിക്കുവാൻ യെരുശലേമിൽ വരുമ്പോൾ കണ്ടിരിക്കാം (ലൂക്കൊ. 2:41, 42). എങ്ങനെയാ യാലും, അവർ രണ്ട് പേരും കുറേക്കാലത്തേക്ക് കണ്ടിരിക്കുവാനിടയില്ല. യോഹന്നാൻ ഒരുപക്ഷെ മരുഭൂമിയിൽ ഏതാനും വർഷങ്ങൾ ഒറ്റക്കു കഴി ഞ്ഞിരിക്കാം (ലൂക്കൊ. 1:80).

ആദ്യം യേശുവിനെ സ്നാനപ്പെടുത്തുവാൻ യോഹന്നാൻ മടിച്ചു. അവൻ

പറഞ്ഞു, **“എനിക്ക് നിന്നാൽ സ്നാനം ഏൽക്കുവാൻ ആവശ്യം, പിന്നെ നീ എന്റെ അടുക്കൽ വന്നുവോ?”** എന്നു ചോദിച്ചു. ഗ്രീക്ക് പുസ്തകത്തിൽ യോഹന്നാന്റെ ചോദ്യം ഊന്നൽ കൊടുത്താണ് പറഞ്ഞിരിക്കുന്നത്. “എനിക്ക് *നിന്റെ* സ്നാനം ആവശ്യമായിരിക്കുന്നു, പിന്നെ നീ എന്റെ അടുക്കൽ വന്നിരിക്കുന്നുവോ?” എന്ന് അക്ഷരികമായി തർജിമ ചെയ്യാം. സുവിശേഷ എഴുത്തുകാരിൽ മത്തായി മാത്രമാണ് യേശുവിനെ സ്നാനപ്പെടുത്തുവാൻ യോഹന്നാൻ മടിച്ചതായി പറഞ്ഞത്. ഡഗ്ലസ് ആർ. ഏ. ഹാഗ്നെർ പറഞ്ഞു, “യേശു യോഹന്നാന്റെ സ്നാനത്തിന് കീഴ്പ്പെട്ടതിനാൽ അവൻ യോഹന്നാനേക്കാൾ കുറഞ്ഞവനാണെന്ന് യോഹന്നാന്റെ ശിഷ്യന്മാർ അവകാശപ്പെട്ടതിന്റെ നീരസമായിരുന്നു മത്തായി അതു പറയുവാൻ കാരണം.”[2] അതിന്റെ ഫലമായി, അവൻ യോഹന്നാന്റെ തന്നെ വാക്കുകൾ ഉപയോഗിച്ചു തിരുത്തുകയായിരുന്നു. ആ പ്രസ്താവന ശരിയാണെന്നു തോന്നുന്നു, കാരണം ഒന്നാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ മത്തായി എഴുതിയ സമയത്തു പോലും യേശു യോഹന്നാനേക്കാൾ കുറഞ്ഞവനാണെന്ന് വിശ്വസിച്ചിരുന്ന യോഹന്നാന്റെ ശിഷ്യന്മാരുണ്ടായിരുന്നു (പ്രവൃത്തി. 19:1–7). കൂടാതെ, യേശു യോഹന്നാൻ സ്നാപകനേക്കാൾ കുറഞ്ഞവനാണെന്ന് ഇന്നും മണ്ടേയൻ വിഭാഗക്കാർ വിശ്വസിക്കുന്നു.[3]

### ദൈവികമായ ഉദ്ദേശം (3:15)

**15യേശു അവനോട്, “ഇപ്പോൾ സമ്മതിക്ക, ഇങ്ങനെ സകലനീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതം എന്നു ഉത്തരം പറഞ്ഞു.” എന്നാറെ അവൻ അവനെ സമ്മതിച്ചു.**

**വാക്യം 15.** യേശു ഉത്തരമായി പറഞ്ഞു, **“ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതം.”** മുൻപ് പറഞ്ഞതുപോലെ, യോഹന്നാൻ “പാപമോചനത്തിനായുള്ള സ്നാനമാണ് കോടുത്തിരുന്നത്” (മർക്കൊ. 1:4) – എന്നാൽ യേശു “പാപം എന്തെന്ന് അറിഞ്ഞിരുന്നില്ല” (2 കൊരി. 5:21; യോഹ. 8:29; എബ്രാ. 4:15; 7:26; 1 പത്രൊ. 2:21, 22; 1 യോഹ. 3:5 നോക്കുക). എങ്ങനെയായാലും, അവൻ “തന്നെ അനുസരിക്കുന്ന ഏവരുടേയും നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു” (എബ്രാ. 5:9). “സകല നീതിയും നിവർത്തിക്കുക” എന്ന പ്രയോഗം തർക്കത്തിനിടയായിട്ടുണ്ട്. യേശുവിന്റെ സ്നാനത്തെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന പോയിന്റുകൾ തീർച്ചയുള്ളതാണ്.

1. അവൻ ദൈവേഷ്ടം അനുസരിച്ചു (21:25, 32; ലൂക്കൊ. 7:29, 30).
2. അവൻ യോഹന്നാന്റെ ശുശ്രൂഷയെയും സ്നാനത്തെയും അനുവദിച്ചിരുന്നു.
3. മറ്റുള്ളവർക്ക് പിൻപറ്റുവാൻ അവൻ ഒരു മാതൃക നൽകി.
4. അവൻ പാപികളോടുകൂടെ താഴ്മയോടെ തിരിച്ചറിയിച്ചു.
5. അവൻ തന്റെ ശുശ്രൂഷ ആരംഭിച്ച് പാപികളെ നീതീകരിക്കുവാനായി തന്റെ മരണം പരിണമിച്ചു (യെശ. 53:11; മത്താ. 1:21).
6. അവൻ മശിഹയാണെന്ന് യോഹന്നാന് വെളിപ്പെടുത്തുകയും യോഹ

ന്നാൻ അവനെ യിസ്രായേലിന്നു വെളിപ്പെടുത്തുകയും ചെയ്തു (യോഹ. 1:31, 32).

**അവൻ അവനെ സമ്മതിച്ചു** എന്ന പ്രയോഗം സൂചിപ്പിക്കുന്നത്, യേശുവിന്റെ കാര്യകാരണം യോഹന്നാന് ബോധ്യമാവുകയും അവൻ അവനെ സ്നാന പ്പെടുത്തുകയും ചെയ്തു എന്നാണ്.

## ദൈവികമായ സാക്ഷ്യം (3:16, 17)

**16യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽനിന്നു കയറി; അപ്പോൾ സ്വർഗം തുറന്നു. ദൈവാത്മാവ് പ്രാവെന്ന പോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കണ്ടു. 17“ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചി രിക്കുന്നു എന്നു സ്വർഗത്തിൽനിന്നു ഒരു ശബ്ദവുമുണ്ടായി.”**

**വാക്യം 16. യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽനിന്നു കയറി**. അതു തെളിയിക്കുന്നത്, “ബാപ്റ്റൈസ്” എന്ന വാക്കിന്റെ അർത്ഥമായ മുഴുവൻ മുങ്ങി എന്നാണ് (പ്രവൃത്തികൾ 8:38, 39 നോക്കുക). ആ സമയത്ത് സ്വർഗം തുറന്നു. അത് ദൈവം വെളിപ്പെടുത്തുന്ന അനുഭവത്തെ കാണിക്കുന്നതാണ് (യെശ. 64:1; യെഹ. 1:1; യോഹ. 1:51; പ്രവൃത്തികൾ 7:56; 10:11; വെളി. 4:1). തുടർന്നു നടക്കുന്നത് ഭൗതിക യാഥാർത്ഥ്യമോ അതോ ഒരു ദൃശ്യാനുഭവമോ എന്നത് തർക്കിക്കപ്പെട്ടിരിക്കുന്നു. ആത്മാവ് ഇറങ്ങിവരുന്നതു കണ്ടതും സ്വർഗീയ ശബ്ദം കേട്ടതും, കൂടിവന്ന എല്ലാവരുമായിരുന്നോ അതോ യോഹ ന്നാനും യേശുവും മാത്രമായിരുന്നോ എന്നതും അതുപോലെ തർക്ക വിഷ യമായിട്ടുണ്ട് (യോഹ. 5:37 നോക്കുക).

**ദൈവാത്മാവ് വെളിച്ചമായി പ്രാവെന്നപോലെ അവനിലേക്ക് ഇറങ്ങി വരുന്നത് അവൻ കണ്ടു.** ആത്മാവ് ഇറങ്ങി വരുന്ന രീതിയെ കാണിക്കുവാനാ ണ്ആത്മാവിനെ പ്രാവിനോട് ഉപമിച്ചത്. എങ്ങനെയായാലും, ഭൗതികമായ പ്രത്യക്ഷതയാണ് ലൂക്കൊസിന്റെ താരതമ്യം വ്യക്തമാക്കുന്നത്. “പ്രാവിന്റെ ശരീരത്തെ പോലെയാണ് ആത്മാവ് അവനിലേക്ക് ഇറങ്ങി വന്നത്” (ലൂക്കൊ. 3:22). സൗമ്യതയുടേയും നിഷ്ക്കളങ്കതയുടേയും അടയാളമാണ് പ്രാവ് (10:16). അതിലുപരിയായി, യെഹൂദമതത്തിൽ, പരിശുദ്ധാത്മാവിനെ പ്രാവുമായി ബന്ധപ്പെടുത്തിയിരുന്നു. ജി. എഫ്. ഹാസെൽ വിവരിച്ചു,

> അപ്പൊസ്തലന്മാരുടെ കാലയളവിൽ ജീവിച്ചിരുന്ന യുവാവായിരുന്ന ഒരു റബ്ബി, റബ്ബിമാരുടെ പാരമ്പര്യം ഉദ്ധരിച്ചു പറഞ്ഞു, “ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മേൽ [ഉൽപ. 1:2] ഇരുന്നത് ഒരു പ്രാവ് കുഞ്ഞു ങ്ങളെ ചിറകിൻ കീഴിലാക്കുകയും അതേസമയം അവക്ക് വേദനയു ണ്ടാകാത്തതുപോലെയുമായിരുന്നു” [താൽമൂദ് *ഹാഗിഗാഹ്* 15 ഏ].[4]

വരുവാനുള്ളവന്നു വഴി ഒരുക്കത്തിനായുള്ള അടയാളമായിട്ടാണ് യോഹ ന്നാൻ ഉപയോഗിച്ച പ്രാവ്. യേശു മശിഹ ആണെന്ന് യോഹന്നാൻ *വിചാരി ച്ചു* – അതുകൊണ്ടാണ് അവൻ അവനെ സ്നാനപ്പെടുത്തുവാൻ മടിച്ചത് – എങ്കിലും പരിശുദ്ധാത്മാവ് അവന്റെ മേൽ ഇറങ്ങി വരുന്നതു കാണുവോളം

അവന് *തീർച്ച* ഇല്ലായിരുന്നു (യോഹ. 1:29–34). യേശു ക്രിസ്തു തന്നെയാണെന്നുള്ള അനുഭവസിദ്ധമായ തെളിവായിരുന്നു പ്രാവ്.

യെശയ്യാവ് അരുളിച്ചെയ്ത പ്രവചന നിറവേറൽ കൂടെയായിരുന്നു ആ സംഭവം. "യഹോവയുടെ'ആത്മാവ് അവന്റെമേൽ ആവസിക്കും" (യെശ. 11:2). "ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വെച്ചിരിക്കുന്നു" (യെശ. 42:1); "യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു" (യെശ 61:1). അത് ദൈവരാജ്യത്തിന്റെ രാജാവായി തീരുവാൻ പരിശുദ്ധാത്മാവ് അവനെ അഭിഷേകം ചെയ്യുന്നതാണ്. അതിലുപരിയായി, യേശു അവിടം വിട്ടു പോയപ്പോൾ, പരിശുദ്ധാത്മശക്തിയാൽ അവൻ സകലവിധ രോഗികളെയും സൗഖ്യമാക്കുകയും ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തു – തന്റെ രാജ്യത്തോട് ശത്രുത പുലർത്തിയിരുന്ന എല്ലാ ദുഷ്ടശക്തികളെയും അവൻ മറിച്ചിടുകയും ചെയ്തു (12:28; പ്രവൃത്തികൾ 10:38).

**വാക്യം 17.** പിതാവ് പ്രഖ്യാപിച്ചു, **"ഇവൻ എന്റെ പ്രിയ പുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു."** പിതാവ് തന്റെ പുത്രന്റെ ദൈവികത്വത്തെ മൂന്നു പ്രാവശ്യം പ്രഖ്യാപിച്ചതിൽ ആദ്യത്തേതായിരുന്നു ഇത് (17:5; യോഹ. 12:28). ഈ വാക്കുകൾ പഴയനിയമത്തിൽനിന്നും നേരിട്ട് ഉദ്ധരിച്ചിട്ടുള്ളതല്ല, എന്നാൽ ചില വിഷയങ്ങളെ ഓർപ്പിക്കുന്നതാണ്. യേശു ദൈവപുത്രനും, യഹോവയുടെ അഭിഷിക്തനും ആകുന്നു (സങ്കീ. 2:7; പ്രവൃത്തികൾ. 13:33; എബ്രാ. 1:5; 5:5). അവൻ ദൈവത്തിന് പ്രസാദമുള്ളവനും, പ്രിയപ്പെട്ടവനുമത്രെ – "എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വ്രതൻ" (യെശ. 42:1). ദൈവം അബ്രഹാമിന്റെ ഏകജാതനായ പുത്രനായ യിസഹാക്കിനെ യാഗം കഴിപ്പാൻ ആവശ്യപ്പെട്ടപ്പോഴും ഉപയോഗിച്ചത് ഇതേ ഭാഷയാണ് (ഉൽപ. 22:2).

യേശു സ്നാനം ഏറ്റപ്പോൾ, ദൈവികത്വത്തിലെ[5] മൂന്നു വ്യക്തികളും സന്നിഹിതരായിരുന്നു. വെള്ളത്തിൽ യേശു യോഹന്നാനോടുകൂടെ ആയിരുന്നു. പരിശുദ്ധാത്മാവ് പ്രാവെന്ന പോലെ യേശുവിലേക്ക് ഇറങ്ങി വന്നു. ഈ കാര്യങ്ങൾ സംഭവിച്ചപ്പോൾ, പിതാവ് സ്വർഗത്തിൽനിന്നു തന്റെ പുത്രനെ കുറിച്ചുള്ള സന്തോഷം പ്രകടമാക്കി. ത്രിത്വത്തെ വിശ്വസിക്കാത്ത ഏതൊരാൾക്കും യേശു സ്നാനം ഏറ്റപ്പോൾ മൂന്നു ദൈവിക വ്യക്തികളും സന്നിഹിതരായത് അപരിഹാര്യമായ പ്രശ്നം തന്നെയാണ്. ബൈബിളിൽ "ത്രിത്വം" എന്ന വാക്ക് ഉപയോഗിച്ചിട്ടില്ലെങ്കിലും, ആ ആശയത്തെ പിന്താങ്ങുന്ന പല വേദഭാഗങ്ങളും തിരുവെഴുത്തിലുണ്ട് (28:19; യോഹ. 1:1–3, 14; 17:1–26; 2 കൊരി. 13:14; യൂദാ. 20, 21; മർക്കൊ. 12:29 നോക്കുക). യേശു ദൈവമായിരുന്നുവെങ്കിലും അവൻ മനുഷ്യനായി നമ്മുടെയിടയിൽ പാർത്തു (യോഹ. 1:1, 14).

## പാഠങ്ങൾ

### യേശുവിന്റെ സ്നാനം (3:13-17)

യേശുവിന്റെ സ്നാനത്തെ കുറിച്ച് താഴെ കൊടുത്തിരിക്കുന്ന പോയിന്റുകൾ ഉപയോഗിച്ച് ഒരു പാഠം തയ്യാറാക്കാം:

1. ദൈവിക തീരുമാനം (3:13, 14);
2. ദൈവിക ഉദ്ദേശം (3:15);
3. ദൈവിക സാക്ഷ്യം (3:16);

4. ദൈവിക സാന്നിധ്യം (3:17).

**യേശുവിന്റെ സ്നാനവും നമ്മുടേതും (3:13-17)**

യേശുവിന്റെ സ്നാനവും നമുക്ക് ഒരു മാതൃകയാണെന്ന് ഇന്നു വാദിക്കുന്നവരുണ്ട്. ആ ആശയത്തിൽ ചില സത്യമുണ്ട്, താരതമ്യം സങ്കീർണ്ണവും വിമർശനപരമായി വിലയിരുത്തേണ്ടതുമാണ്.

യേശുവിന്റെ സ്നാനവും ഇന്നത്തെ സ്നാനവും തമ്മിൽ ചില സമാനതകൾ നമുക്ക് കാണാം. ഇന്നും സ്നാനം പുതിയനിയമത്തിൽ നിർവ്വചിച്ചിരിക്കുന്നതുപോലെ മറ്റൊരാളാൽ നടത്തപ്പെടുന്ന മുങ്ങൽ ആണ് (സ്വയം-ചെയ്യുന്നതിന് വിപരീതമാണ്). കൂടാതെ, യേശു ചെയ്തതുപോലെ, ആത്മാർത്ഥമായി ദൈവത്തെ അനുസരിക്കുവാനുള്ള സമീപനം ഉണ്ടായിരിക്കണം. അതിനപ്പുറമായ, പുതിയനിയമപ്രകാരം ഒരാൾ സ്നാനം ഏൽക്കുമ്പോൾ, അയാൾക്ക് പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (പ്രവൃത്തികൾ 2:38) - അളവിൽ അത്ഭുതകരമല്ലെങ്കിലും, ദൈവമക്കളായി പ്രഖ്യാപിക്കപ്പെടുന്നു (ഗലാ. 3:26, 27).[6] യേശു പിതാവിനാൽ അഭിഷിക്തനാകുകയും ദൈവപുത്രനെന്ന് ഉറപ്പിക്കുകയും ചെയ്തു. യേശുവിന്റെ സ്നാനവും പുതിയനിയമ സ്നാനവും ദൈവസേവനത്തിനുള്ള (ശുശ്രൂഷ) ആദ്യപടി ആകുന്നു.

സമാനതകൾ ഉള്ളതുപോലെ പല വ്യത്യാസങ്ങളും അതു രണ്ടും തമ്മിലുണ്ട്. യേശു യോഹന്നാനാലായിരുന്നു സ്നാനം ഏറ്റത്, അത് ഒരുക്കസ്നാനം ആയിരുന്നു. അതിന് ഇപ്പോൾ സാധുതയില്ല (പ്രവൃത്തികൾ 19:1–7). ക്രിസ്തു പുതിയനിയമം സ്ഥാപിപ്പാൻ ക്രൂശിൽ മരിച്ചു. അതുകൊണ്ട്, പുതിയനിയമ സ്നാനത്തിൽ ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള വിശ്വാസവും ഉൾപ്പെടുന്നു (മർക്കൊ. 16:16). യേശുവിൽ പാപം ഇല്ലാതിരുന്നതിനാൽ, അവനു മാനസാന്തരം ആവശ്യമായിരുന്നില്ല. അനുതപിച്ച വിശ്വാസി പുതിയ നിയമസ്നാനം ഏൽക്കുന്നത് അയാളുടെ പാപങ്ങളുടെ മോചനത്തിനാണ് – അപ്പോൾ ക്രിസ്തുവിന്റെ രക്തം അവന്റെ പാപങ്ങളെ കഴുകി കളയുന്നു (പ്രവൃത്തികൾ 2:38; 22:16; വെളി. 1:5). ആ വസ്തുതയിൽ, ക്രിസ്തുവിന്റെ മരണവും ഉയിർത്തെഴുന്നേൽപും ഉൾപ്പെട്ടിരിക്കുന്നു (റോമ. 6:3, 4), അങ്ങനെ അയാൾ ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യനാകുകയും (റോമ. 6), ക്രിസ്തുവിന്റെ രാജ്യത്തോട് (സഭ) ചേർക്കപ്പെടുകയും ചെയ്യും (പ്രവൃത്തികൾ 2:47; 1 കൊരി. 12:13).

പുതിയനിയമ സ്നാനത്തിന്റെ അർത്ഥം മനസിലാക്കി വേണം, ഓരോ വ്യക്തിയും ക്രിസ്തുവിന്റെ കീഴ്പ്പെടൽ അനുകരിച്ചു സ്നാനം ഏൽക്കുവാൻ. യേശുവിന്റെ സ്നാനവും പുതിയനിയമ സ്നാനവും ഒന്നല്ല.

---

കുറിപ്പുകൾ

[1]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 1–13,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 33ഏ (ഡള്ളാസ്: വേർഡ് ബുക്സ്, 1993), 55. [2]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു,* ഇന്റർപ്രെട്ടേഷൻ (ലൂയിസ്വില്ലേ: ജോൺ നോക്സ് പ്രസ്, 1993), 20. [3]ആധുനിക ഇറാക്കിലും ഇറാനിലും ഇപ്പോഴും പരിശീലിക്കുന്നതാണ് മാന്റായിസം. ഏ. ഡി. രണ്ടാം നൂറ്റാണ്ടിലെ ഒരു പുരാതന നോസ്റ്റിക് മതമായിരുന്നു അത്. യെഹൂദമതത്തിലെയും ക്രിസ്ത്യാനിത്വത്തിലേയും പാരമ്പര്യങ്ങളെ മാന്റേയൻ മതം തള്ളിക്കളഞ്ഞിരിക്കുന്നു,

അതേ സമയം യോഹന്നാൻ സ്നാപകനെ പ്രവാചകനായി ഉയർത്തുകയും ചെയ്യുന്നു. അവരുടെ മതം ദ്വന്ദ്വദൈവികത്വത്തിന്റേയും, ഇതിഹാസങ്ങളുടേയും, വിപുലമായ ചടങ്ങുകളുടേയും മതമാണ്. [4]ജി.പി. ഹസേൽ, “ഡോവ്,” ഇൻ *ദ ഇന്റർനാഷ്ണൽ സ്റ്റാൻന്റേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ എഡി., ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1979), 1.988. [5]കെജെവിയിൽ “ദൈവികത്വം” എന്ന വാക്ക് മൂന്നു വ്യത്യസ്ത ഗ്രീക്ക് വാക്കുകൾ തർജിമ ചെയ്തതാണ് (പ്രവൃത്തികൾ 17:29; റോമ. 1:20; കൊലൊ. 2:9). [6]ആന്റണി ലീ ആഷ്, *ദ ഗോസ്പെൽ എക്കൊർഡിങ്ങ് ടു ലൂക്ക്,* പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1972), 77.